## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 651 — 11.06.2014-ൽ മറുപടിക്ക്

### അമൃതം ആരോഗ്യപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ :<br>,, കെ. രാജു :<br>,, ജി. എസ്. ജയലാൽ :<br>,, ചിറ്റയം ഗോപകുമാർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജീവിതശൈലീ രോഗങ്ങൾക്കായി സംസ്ഥാനത്ത് അമൃതം ആരോഗ്യ പദ്ധതി ആരംഭിച്ചതെന്നാണ് ; | (എ) സംസ്ഥാനത്ത് ജീവിത ശൈലീ രോഗ നിയന്ത്രണ പരിപാടി കേന്ദ്രാവിഷ്കൃത പദ്ധതിയായി പത്തനംതിട്ട ജില്ലയിൽ 2010 -ൽ നിലവിൽ വന്നു. 2011 -ൽ മറ്റ് നാല് ജില്ലകളിൽ കൂടി ഇത് വ്യാപിപ്പിക്കുകയും ചെയ്തു. സംസ്ഥാന ആരോഗ്യ വകുപ്പ് ഈ പദ്ധതി 2011 -ൽ തന്നെ 14 ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചുവെങ്കിലും ചിട്ടയായ രൂപകൽപ്പനയോടു കൂടിയുള്ള പദ്ധതിയ്ക്ക് 'അമൃതം ആരോഗ്യം' എന്ന പേര് നൽകി നടപ്പിലാക്കിയത് 2012 -ലാണ്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്രയിനം മരുന്നുകളാണ് വിതരണം ചെയ്തു വരുന്നതെന്ന് വ്യക്തമാക്കുമോ ; അവ ഏതെല്ലാം ; | (ബി) അമൃതം ആരോഗ്യം പദ്ധതി ആരംഭിച്ച 2012-13 വർഷത്തിൽ പ്രമേഹം, രക്താദിസമ്മർദ്ദം എന്നീ രോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു വിദഗ്ദ സമിതിയെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ സമിതിയുടെ ഉപദേശ പ്രകാരം ഒരു ചികിത്സാ പ്രോട്ടോകോൾ തയ്യാറാക്കുകയും അത് പ്രകാരം 12 ഇനം മരുന്നുകൾ 'അമൃതം ആരോഗ്യം' പദ്ധതി വഴി 2012-13 -ലും 2013-14 വർഷങ്ങളിലും വിതരണം ചെയ്യുകയുണ്ടായി. ഇതിനു പുറമേ ജീവിതശൈലീ രോഗ നിയന്ത്രണത്തിനുള്ള 25 -ൽ പരം മരുന്നുകൾ ആരോഗ്യ വകുപ്പ് വഴി വിതരണം ചെയ്തു വരുന്നു. |
| (സി) ഈ പദ്ധതി പ്രകാരമുള്ള മരുന്നുകളുടെ വിതരണം നിലച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരം മരുന്നുകൾ രോഗികൾക്ക് ലഭ്യമാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) 'അമൃതം ആരോഗ്യം' പദ്ധതി വഴി വിതരണം ചെയ്തു വന്ന സൗജന്യ മരുന്നുകൾ നിലച്ചതായി ചില മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഈ വാർത്തയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ആശുപത്രികളിലും, ആരോഗ്യ കേന്ദ്രങ്ങളിലും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ സംഭരണ കേന്ദ്രങ്ങളിലും, |

(.....2)

നിലവിലുള്ള മരുന്നുകളുടെ സ്ഥിതി വിവര കണക്ക് ആരോഗ്യ മന്ത്രി വിളിച്ച് ചേർത്ത ഉന്നത തല യോഗത്തിൽ വച്ച് വിലയിരുത്തിയതിൽ, ചില മരുന്നുകൾ ഏതാനും ആശുപത്രികളിൽ കുറവ് ഉണ്ട് എന്ന് മനസ്സിലാക്കിയെങ്കിലും ഇത് പൂർണ്ണമായി നിലച്ചു എന്ന വാർത്ത അടിസ്ഥാന രഹിതമാണ് എന്ന് ബോദ്ധ്യപ്പെടുകയുണ്ടായി.

ജീവിതശൈലീ രോഗ നിയന്ത്രണത്തിന് ചികിത്സാ പ്രോട്ടോകോളിൽ പറഞ്ഞിരിക്കുന്ന 12 ഇനം മരുന്നുകളും, അതിനു പുറമെ ആരോഗ്യ വകുപ്പ് വഴി വിതരണം ചെയ്യുന്ന 25 ഇനം മരുന്നുകളും അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ ദിവസവും മരുന്നുകളുടെ ലഭ്യത എല്ലാ ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്യണമെന്നും കുറവുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അടിയന്തിരമായി വാങ്ങി നൽകുവാനും, കാലതാമസം അനുഭവപ്പെടുന്നുണ്ടെങ്കിൽ ആശുപത്രികൾ തന്നെ തനത് ഫണ്ട് ഉപയോഗിച്ച് കാരുണ്യ /നീതി മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലോക്കൽ പർച്ചേസ് നടത്തുന്നതിനും തീരുമാനമെടുത്തു. കൂടാതെ സർക്കാർ സംരംഭമായ കെ.എസ്.ഡി.പി. -യിൽ നിന്ന് മരുന്നുകൾ വാങ്ങുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. മരുന്നുകൾ സ്റ്റോക്ക് അധികമുള്ള ആശുപത്രികളിൽ നിന്ന് മറ്റ് കുറവുള്ള ആശുപത്രികളിലേയ്ക്ക് മാറ്റുന്നതിന് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരെയും, സ്റ്റോർ ഓഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ